# കേരള സർവകലാശാല

നം. പി.ആർ.118/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### യോഗാ പരിശീലന രജിസ്ട്രേഷൻ ആരംഭിച്ചു

കേരള സർവ്വകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ പഠന വകുപ്പിന്റെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പൊതുജനങ്ങൾക്കായി നടത്തുന്ന പ്രതിമാസ യോഗാ പരിശീലന പരിപാടിയിലെ ജൂൺ മാസത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷ ഫോമുകൾ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പ്രവർത്തിക്കുന്ന ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ നിന്നും ലഭിക്കും. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0471-2306485/8921507832.

### ബി.എഡ് ഫലം

കേരള സർവ്വകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (2015-17 ബാച്ച്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in ) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 15 വരെ അപേക്ഷിക്കാവുന്നതാണ്.

### ബി.എൽ.ഐ.എസ്.സി സപ്ലിമെന്ററി പരീക്ഷ

കേരള സർവ്വകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ജൂലൈ 17 മുതൽ ആരംഭിക്കുന്ന ബി.എൽ.ഐ.എസ്.സി സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 20 (50 രൂപ പിഴയോടെ ജൂൺ 22, 125 രൂപ പിഴയോടെ ജൂൺ 24) വരെ ഫീസടച്ച് അപേക്ഷിക്കാം. അപേക്ഷകൾ ഓഫ്ലൈനായി സമർപ്പിക്കണം.

### ബി.എ ഫലം

കേരള സർവ്വകലാശാല 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (റീസ്ട്രക്ചേർഡ്), ബി.എ മാസ് കമ്മ്യൂണിക്കേഷൻ ആന്റ് വീഡിയോ പ്രൊഡക്ഷൻ (റീസ്ട്രക്ചേർഡ്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### നിയമന പ്രക്രിയ റദ്ദാക്കി

കേരള സർവ്വകലാശാല 2010 ജൂലൈ 28-ലെ പി.ആർ/1024/12/2010 വിജ്ഞാപന പ്രകാരം സർവ്വകലാശാലയുടെ പബ്ലിക്കേഷൻ വകുപ്പിൽ പബ്ലിക്കേഷൻ ഓഫീസർ (നാല് ഒഴിവുകൾ) തസ്തികയിലേക്കുള്ള നിയമന പ്രക്രിയ റദ്ദാക്കി. അപേക്ഷകർ ആവശ്യപ്പെടുന്ന പക്ഷം അപേക്ഷാഫീസ് തിരിച്ച് നൽകും.

### ബി.ആർക് ഫലം

കേരള സർവ്വകലാശാലയുടെ ഒമ്പതാം സെമസ്റ്റർ ബി.ആർക് (2008 സ്കീം)പരീക്ഷാഫലം (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2017: കമ്മ്യൂണിറ്റി ക്വാട്ട

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ ഒരു പ്രിന്റൗട്ടും അനുബന്ധ രേഖകളും ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം. ഇത് ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്നതിന് മുൻപ് ചെയ്തിരിക്കണം. കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ഈ അവസരം പ്രയോജനപ്പെടുത്തണം. സർവ്വകലാശാലയിലേക്ക് അപേക്ഷകൾ അയക്കരുത്. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2017: സ്പോർട്ട്സ് ക്വാട്ട

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ടും, സ്പോർട്ട്സിലെ നേട്ടങ്ങൾ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ബന്ധപ്പെട്ട കോളേജിൽ നൽകണം. സർവ്വകലാശാലയിലേക്ക് അപേക്ഷകൾ അയക്കേണ്ടതില്ല. രജിസ്ട്രേഷന്റെ അവസാന തീയതിക്ക് മുൻപ് ഇത് ചെയ്യേണ്ടതാണ്. സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ഈ അവസരം പ്രയോജനപ്പെടുത്തണം. രജിസ്ട്രേഷൻ നടപടികൾ അവസാനിക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

## ബിരുദ പ്രവേശനം–2017: എസ്.ഇ.ബി.സി വിഭാഗത്തിന്റെ പ്രവേശനം

2017–ലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് ക്ഷണിച്ച ഓൺലൈൻ അപേക്ഷയിൽ എസ്.ഇ.ബി.സി വിഭാഗത്തിനുള്ള സംവരണത്തിന് വാർഷിക വരുമാനം ബാധകമാക്കിയിരുന്നു. എന്നാൽ ഇപ്പോൾ ഇതിനുള്ള മാനദണ്ഡം നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റാണ്. 6 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനം ഉണ്ടെന്ന കാരണത്താൽ ഓൺലൈൻ അപേക്ഷയിൽ എസ്.ഇ.ബി.സി സംവരണം നൽകാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാകുന്ന പക്ഷം അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത ശേഷം അവരുടെ ഓൺലൈൻ അപേക്ഷയിൽ മാറ്റം വരുത്താവുന്നതാണ്. ഇങ്ങനെയുള്ള അപേക്ഷകർ തങ്ങളുടെ പ്രൊഫൈലിൽ നോൺ ക്രിമിലെയർ ആണോ/അല്ലയോ എന്ന് രേഖപ്പെടുത്തേണ്ടതാണ്. 6 ലക്ഷത്തിൽ താഴെ വാർഷിക വരുമാനം രേഖപ്പെടുത്തി ഇതിനകം അപേക്ഷ സമർപ്പിച്ചവർ തൽക്കാലം അപേക്ഷയിൽ മാറ്റം വരുത്തേണ്ടതില്ല. എന്നാൽ എസ്.ഇ.ബി.സി സംവരണ സീറ്റിൽ പ്രവേശനം അനുവദിക്കപ്പെടുന്ന എല്ലാവരും കോളേജുകളിൽ പ്രവേശനത്തിനായി ഹാജരാകുമ്പോൾ നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. ഇപ്രകാരം സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടെ സംവരണ സീറ്റിലുള്ള പ്രവേശനം നിഷേധിക്കപ്പെടുന്നതാണ്. ജനറൽ, എസ്.സി, എസ്.ടി വിഭാഗക്കാർക്ക് ഇത് ബാധകമല്ല. ഒ.ഇ.സി വിഭാഗത്തിൽ അപേക്ഷിച്ചവർക്ക് ഒ.ബി.എച്ച്/ ഒ.ബി.എക്സ് സംവരണത്തിന് അർഹതയുണ്ടെങ്കിൽ അക്കാര്യവും ലോഗിൻ

ചെയ്ത ശേഷം പ്രൊഫൈലിൽ മാറ്റേണ്ടതാണ്. പുതുതായി രജിസ്റ്റർ ചെയ്യുന്ന ജനറൽ/എസ്.സി/എസ്.ടി വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് ക്രിമിലെയർ ഓപ്ഷൻ, നോൺ ക്രിമിലെയർ എന്നോ ക്രിമിലെയർ എന്നോ നൽകാവുന്നതാണ്. ഏത് ഓപ്ഷൻ സ്വീകരിച്ചാലും അവർക്ക് ലഭിക്കേണ്ട അലോട്ട്മെന്റിനെ ബാധിക്കുന്നതല്ല.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2017: പ്രിൻസിപ്പൽമാരുടെ യോഗം

ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടേയും, അഡ്മിഷൻ കോ-ഓർഡിനേറ്റർമാരുടേയും യോഗം 02.06.2017 വെള്ളിയാഴ്ച സർവ്വകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ചേംബറിൽ വെച്ച് നടത്തുന്നതാണ്. ഗവൺമെന്റ്/എയ്ഡഡ് കോളേജുകളുടേത് രാവിലെ 11 മണിക്കും സ്വാശ്രയ/യു.ഐ.റ്റി എന്നിവയുടേത് ഉച്ചയ്ക്ക് 2 മണിക്കുമാണ് നടത്തുന്നത്.എല്ലാ കോളേജുകൾക്കും ഇ-മെയിൽ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണത്താൽ ഇ-മെയിൽ ലഭിക്കാതെ വന്നാൽ ഈ പത്രക്കുറിപ്പ് അറിയിപ്പായി കരുതി, പ്രസ്തുത യോഗത്തിൽ കൃത്യ സമയത്ത് പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

തിരുവനന്തപുരം.
30.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ